# RCS ചാറ്റ്

**Jibe Mobile Ltd. ("Jibe Mobile")**
70 Sir John Rogerson's Quay, Dublin 2, Ireland
https://support.google.com/

2023 മാർച്ച് 16-ന് അപ്ഡേറ്റ് ചെയ്തത്
മുമ്പത്തെ പതിപ്പ്: 2020 ഡിസംബർ 21

## കരാർ സംഗ്രഹം

- EU നിയമം ആവശ്യപ്പെടുന്ന പ്രകാരം, ഞങ്ങൾ നൽകുന്ന സേവനങ്ങളുടെ പ്രധാന ഘടകങ്ങളെക്കുറിച്ച് ഈ കരാറിന്റെ സംഗ്രഹം വിവരിക്കുന്നു[1].
- ലഭ്യമായ സേവനങ്ങൾ തമ്മിൽ താരതമ്യം ചെയ്യാൻ നിങ്ങളെ സഹായിക്കുക എന്നതാണ് ഇതിന്റെ ഉദ്ദേശ്യം.
- ഞങ്ങൾ നൽകുന്ന സേവനങ്ങളെക്കുറിച്ചുള്ള പൂർണ്ണമായ വിവരങ്ങൾ മറ്റ് ഡോക്യുമെന്റുകളിൽ ലഭ്യമാണ്.

## സേവനങ്ങൾ

RCS ചാറ്റ്, Messages by Google ഉപയോക്താക്കൾക്ക് അപ്ഗ്രേഡ് ചെയ്തതും വിപുലവുമായ സന്ദേശമയയ്ക്കൽ അനുഭവം നൽകുന്നു. RCS ചാറ്റ് സന്ദേശങ്ങൾ അയയ്ക്കാൻ ഇന്റർനെറ്റ് കണക്ഷൻ ആവശ്യമാണ്. സേവനത്തിന് കുറഞ്ഞത് എത്ര നിലവാരം ലഭ്യമാകും എന്നത് സംബന്ധിച്ച ഉറപ്പൊന്നും നൽകുന്നില്ലെങ്കിലും ന്യായമായ ഗുണമേന്മയോടും ജാഗ്രതയോടും കൂടിയാണ് RCS ചാറ്റ് Jibe Mobile ലഭ്യമാക്കുന്നത്.

## നിരക്ക്

നിരക്ക് ഈടാക്കാതെയാണ് RCS ചാറ്റ് നൽകുന്നത്, അതിന്റെ ഉപയോഗം Jibe Mobile സേവന നിബന്ധനകളും (https://jibe.google.com/policies/terms/ എന്നതിൽ ലഭ്യമാണ്) Google സേവന നിബന്ധനകളും (https://policies.google.com/terms എന്നതിൽ ലഭ്യമാണ്) പാലിക്കുന്നതിന് വിധേയമാണ്.

## കാലയളവ്, പുതുക്കൽ, അവസാനിപ്പിക്കൽ

സൈൻ അപ്പ് ചെയ്ത ഉടൻ തന്നെ നിങ്ങൾക്ക് RCS ചാറ്റ് ഉപയോഗിക്കാൻ ആരംഭിക്കാം. നിശ്ചിത കാലയളവിലേക്ക് RCS ചാറ്റ് ഉപയോഗിക്കാൻ നിങ്ങൾ പ്രതിജ്ഞാബദ്ധരല്ല. നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും അത് ഉപയോഗിക്കുന്നത് നിർത്താം.

## ഭിന്നശേഷിയുള്ള അന്തിമ ഉപയോക്താക്കൾക്ക് വേണ്ടിയുള്ള ഫീച്ചറുകൾ

RCS ചാറ്റിനൊപ്പം നിങ്ങൾക്ക് സ്ക്രീൻ റീഡർ ഉപയോഗിക്കാം. https://support.google.com/messages/answer/6105764?hl=en -ൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമാണ്.

---

[1] യൂറോപ്യൻ ഇലക്ട്രോണിക് കമ്മ്യൂണിക്കേഷൻസ് കോഡ് (OJ L 321, 17.12.2018, p. 36) നടപ്പിലാക്കിയ യൂറോപ്യൻ പാർലമെന്റിന്റെയും 2018 ഡിസംബർ 11-ലെ കൗൺസിലിന്റെയും 2018/1972 ഡയറക്റ്റീവിലെ (EU) ആർട്ടിക്കിൾ 102(3).

**പ്രസക്തമായ മറ്റ് വിവരങ്ങൾ**

ഉപഭോക്തൃ പിന്തുണ: RCS ചാറ്റിനുള്ള സഹായവും പിന്തുണയും https://support.google.com/ -ൽ ലഭ്യമാണ്.

തർക്കങ്ങൾ: നിങ്ങളുടെ രാജ്യത്തെ നിയമപരമായ ആവശ്യകതകൾക്ക് അനുസൃതമായി, നിങ്ങൾക്ക് https://ec.europa.eu/consumers/odr/main/?event=main.adr.show2 എന്നതിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന ഇതര തർക്ക പരിഹാര ദാതാവിനോ മറ്റൊരു ദാതാവിനോ പരാതി നൽകാം. Google സേവന നിബന്ധനകളിൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമാണ്.

സുരക്ഷാ വീഴ്ചകൾ: സുരക്ഷയുമായോ സ്വകാര്യതയുമായോ ബന്ധപ്പെട്ട സംഭവങ്ങൾ പെട്ടെന്ന് തിരിച്ചറിയുന്നതിനും അവയോട് പ്രതികരിക്കുന്നതിനും വേണ്ടി, വീഴ്ചകൾ മാനേജ് ചെയ്യാനുള്ള 24/7 പ്രോഗ്രാം Jibe Mobile കർശനമായി നടപ്പിലാക്കുന്നു. നിങ്ങളുടെ ഓൺലൈൻ സുരക്ഷ മാനേജ് ചെയ്യാൻ സഹായിക്കുന്നതിന് Jibe Mobile ഒരു സുരക്ഷാ ചെക്ക്‌ലിസ്റ്റും നൽകുന്നു.

വ്യക്തിപരമായ ഡാറ്റ: RCS ചാറ്റിനായി സൈൻ അപ്പ് ചെയ്യുന്നതിന്, നിങ്ങളുടെ ഫോൺ നമ്പർ നൽകേണ്ടതുണ്ട്. RCS ചാറ്റ് ഉപയോഗിക്കുമ്പോൾ Jibe Mobile ശേഖരിക്കുന്ന വ്യക്തിപരമായ ഡാറ്റയെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ Google സ്വകാര്യതാ നയം (https://policies.google.com/privacy -ൽ ലഭ്യമാണ്) നൽകുന്നു. നിങ്ങളും Jibe Mobile-ഉം തമ്മിലുള്ള കരാറിന്റെയോ ഈ സംഗ്രഹത്തിന്റെയോ ഭാഗമല്ല Google സ്വകാര്യതാ നയം.